**കെ-ഡിസ്ക് ഇന്റെ സഹായത്തോടെ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് കേരളത്തിലെ LSGI-കൾക്കൊപ്പം ഇന്റേൺ ആയി പ്രവർത്തിക്കാനുള്ള ഒരു അവസരം**

ഉല്പന്ന, പ്രക്രിയാ നവീകരണത്തിലും സാങ്കേതിക വിദ്യാ രംഗത്തും പുതിയ ദിശാ ബോധം കൊണ്ടുവരികയും, സാങ്കേതിക വിദ്യയുടെ ജനാധിപത്യവത്കരണം സാധ്യമാക്കുകയും ആരോഗ്യകരമായ ഒരു നൂതനാശയ ആവാസവ്യവസ്ഥ സൃഷ്ടിച്ചെടുക്കുകയും ചെയ്യാനുതകുന്ന പുത്തൻ പ്രയോഗങ്ങൾ വഴി കേരളത്തിലെ പുത്തനാശയങ്ങളുടെ വികസനം സാധ്യമാക്കാൻ പ്രവർത്തിക്കുന്ന കെഡിസ്കിന്റെ (കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) നേതൃത്വത്തിലുള്ള പദ്ധതിയാണ് 'ഒരു തദ്ദേശസ്വയം ഭരണസ്ഥാപനം ഒരു ആശയം ' (One Local body One Idea - OLOI).

ഓരോ തദ്ദേശ സ്ഥാപനത്തിലും വിപുലമായ ജനപങ്കാളിത്തത്തോടെ ഒരു നൂതനാശയം എങ്കിലും കണ്ടെത്തി ഫലപ്രദമായി നടപ്പാക്കാനുള്ള ശ്രമമാണ് ഈ പദ്ധതിയിലൂടെ നടത്തുന്നത്. OLOI പദ്ധതിയുടെ ആശയരൂപീകരണവും നിർവഹണവും വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നു. വിവിധ മേഖലകളിൽ നിന്നുള്ള പ്രശ്നസമാഹരണം, നൂതനാശയ രൂപകർത്താക്കളിൽ നിന്നുള്ള ആശയസമാഹരണം, പ്രശ്നങ്ങളുടെ മുൻഗണനാ നിർണയം, തരംതിരിക്കൽ, അവയെ പദ്ധതികളാക്കി മാറ്റുന്നതിനുള്ള വിദഗ്ധ ഇടപെടലുകൾ, വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കൽ, അവയുടെ നിർവ്വഹണം തുടങ്ങി വിവിധ ഘട്ടങ്ങളിലൂടെയാണ് OLOI പദ്ധതി കടന്നുപോകുന്നത്.

ഇതിനായി തദ്ദേശ സ്ഥാപനങ്ങളിൽ ലഭിക്കുന്ന പ്രശ്നപ്രസ്താവനകൾ OLOI പോർട്ടലിൽ സമർപ്പിക്കുന്നതിന് പഞ്ചായത്ത്, നഗരസഭാ/കോർപ്പറേഷൻ തലത്തിൽ സന്നദ്ധസേവകരായ ഇന്റേണുകളുടെ സേവനമാവശ്യമാണ്.

തിരഞ്ഞെടുക്കപ്പെടേണ്ടവരുടെ യോഗ്യത:

1. സർവകലാശാല ബിരുദം
2. കമ്പ്യൂട്ടർ പരിജ്ഞാനം (Word, Excel) അഭികാമ്യം
3. പ്രായം: 20 നും 50 നും മധ്യ
4. അതാതു പഞ്ചായത്ത്, നഗരസഭാ/കോർപ്പറേഷൻ തലത്തിൽ താമസിക്കുന്നവർക്ക് മുൻഗണന
5. സ്വന്തമായി ലാപ്ടോപ്പ് ഉള്ളവർക്ക് മുൻഗണന

മൂന്ന് മാസക്കാലം തദ്ദേശ സ്ഥാപനങ്ങളിൽ ലഭിക്കുന്ന പ്രശ്നപ്രസ്താവനകൾ OLOI പോർട്ടലിലെ പ്രോബ്ലം ക്യാൻവാസിന് അനുയോജ്യമായ രീതിയിൽ ആവാശ്യമായ വിവരങ്ങൾ സമാഹരിച്ചു സമർപ്പിക്കുകയാണ് തെരെഞ്ഞെടുക്കപെടുന്ന ഇന്റേണുകളുടെ കർത്തവ്യം.

ഒരു ദിവസത്തെ പരിശീലനം ഉൾപ്പെടെ ആവശ്യാനുസരണം (ജനുവരി 2023 മുതൽ മാർച്ച് 2023) മൂന്ന് മാസം മാസക്കാലം അതാതു പഞ്ചായത്ത്, നഗരസഭാ/കോർപ്പറേഷൻ തലത്തിൽ നിയമിക്കുന്നതാണ്. ഈകാലയളവിൽ വിജയകരമായി ഈ കർത്തവ്യം പൂർത്തിയാക്കുന്ന ഇന്റേണുകൾക്ക് കേരള സർക്കാരിന് കീഴിൽ K-DISC ന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

Registration Link: kdisc.kerala.gov.in/oloi/interns

Last date for applying: 10/01/2023

കൂടുതൽ വിവരങ്ങൾക്ക് ഇനമ്പറിൽ വിളിക്കുക

| | |
|---|---|
| Samshan T V | 8606469384 |
| Midhun K | 8157861976 |
| Sandeep P K | 9746260654 |
| Reshma A S | 9188617414 |